## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 691** | **08-10-2024 - ൽ മറുപടിയ്ക്ക്**

## കെ.എസ്.ഇ.ബി. പെൻഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ചാണ്ടി ഉമ്മൻ,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി. പെൻഷൻ ബാധ്യത സർക്കാരിന് ഏറ്റെടുക്കാനാവില്ലെന്നും പെൻഷൻ മാസ്റ്റർ ട്രസ്റ്റ് വിപുലീകരിച്ച് സജീവമാക്കണമെന്നും വ്യക്തമാക്കി ഉത്തരവിറക്കാൻ ഇടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | വൈദ്യുതി ഉപഭോക്താക്കളിൽ നിന്നും KSEBL Collect ചെയ്ത് സർക്കാരിലേക്ക് നിയമപരമായി ഒടുക്കേണ്ട ഇലക്ട്രിസിറ്റി ഡ്യൂട്ടി 31/10/2013 മുതൽ 31/10/2023 വരെ പത്തു വർഷത്തേയ്ക്ക് കെ എസ് ഇ ബി കമ്പനിവത്ക്കരണത്തിന്റെ ഭാഗമായി പെൻഷൻ ഫണ്ടിലേയ്ക്കുള്ള unfunded terminal liabilities കണ്ടെത്തുന്നതിന് വേണ്ടി ഒരു താല്ക്കാലിക സംവിധാനം എന്ന നിലയിൽ കൈവശം വയ്ക്കുവാൻ KSEBL ന് അനുമതി നൽകിയിരുന്നു. ഇത്തരത്തിൽ ഇലക്ട്രിസിറ്റി ഡ്യൂട്ടി കൈവശം വയ്ക്കുന്നതിന് KSEBL ന് നൽകിയിരുന്ന അനുമതി 31/10/2023-ൽ അവസാനിച്ചു. 2023-24 -ലെ സംസ്ഥാന ബജറ്റ് പ്രസംഗത്തിൽ ഇലക്ട്രിസിറ്റി ഡ്യൂട്ടി കൈവശം വയ്ക്കുവാൻ KSEBL ന് അനുമതി നൽകിയിരുന്ന പത്തു വർഷ കാലയളവ് 31/10/2023-ൽ അവസാനിക്കുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളിൽ നിന്നു KSEBL പിരിക്കുന്ന ഇലക്ട്രിസിറ്റി ഡ്യൂട്ടി 01/11/2023 മുതൽ സർക്കാരിലേയ്ക്ക് നേരിട്ട് ഒടുക്കേണ്ടതാണെന്ന് പ്രഖ്യാപിച്ചിരുന്നു. ഇലക്ട്രിസിറ്റി ഡ്യൂട്ടി കൈവശം വയ്ക്കുന്നതിനു നൽകിയിരുന്ന പത്തു വർഷക്കാലയളവ് അവസാനിച്ച സാഹചര്യത്തിൽ 01/11/2023-ലെ ഉത്തരവ് പ്രകാരം ഇലക്ട്രിസിറ്റി ഡ്യൂട്ടി സർക്കാരിലേയ്ക്ക് അടവാക്കുന്നതിന് കെ എസ് ഇ ബി എല്ലിന് നിർദ്ദേശവും നൽകിയിരുന്നു. എന്നാൽ 'കെ എസ് ഇ ബി പെൻഷനേഴ്സ് കൂട്ടായ്മ' എന്ന സംഘടന ഫയൽ ചെയ്ത WP(C)37302/2023 എന്ന കേസിന്റെ അടിസ്ഥാനത്തിൽ സർക്കാരിലേയ്ക്ക് ഇലക്ട്രിസിറ്റി ഡ്യൂട്ടി അടവാക്കുന്നതിലേക്കായി പുറപ്പെടുവിച്ച 01/11/2023 ലെ ഉത്തരവ് ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുള്ളതിനാൽ ഇലക്ട്രിസിറ്റി ഡ്യൂട്ടി KSEBL സർക്കാരിലേയ്ക്ക് നാളിതുവരെ അടവാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | | | എന്നാൽ മാസ്റ്റർ ട്രസ്റ്റിന്റെ പ്രവർത്തനം സംബന്ധിച്ച് Standard Operating Procedure തയ്യാറാക്കി നടപ്പിൽ വരുത്തുവാൻ സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ടെന്ന് ബഹു. ഹൈക്കോടതിയുടെ 07.08.2023 ലെ W.P (C) 25360/2023 എന്ന കേസിലെ വിധിന്യായം നടപ്പിലാക്കി കൊണ്ടുള്ള 06.09.2024 ലെ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് **അനുബന്ധം** ആയി ചേർക്കുന്നു |
| (ബി) | പ്രസ്തുത ഉത്തരവ് 2014-ൽ സർക്കാരും കെ.എസ്.ഇ.ബി.യും സംഘടനകളും ചേർന്നുണ്ടാക്കിയ ത്രികക്ഷി കരാറിന് എതിരാണ് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | Kerala Electricity Second Transfe Scheme- 2013, ഇതുമായി ബന്ധപ്പെട്ട 2015 ലെയും 2023 ലെയും ഭേദഗതികൾ 01/08/2014-ൽ കേരള സംസ്ഥാന വൈദ്യുത ബോർഡ് ലിമിറ്റഡും സർക്കാരും KSEBL-ലെ ജീവനക്കാരുടെ സംഘടനകളും തമ്മിൽ ഏർപ്പെട്ട ത്രികക്ഷികരാർ എന്നിവയു പ്രകാരമാണ് KSEB-യുടെ പുനഃസംഘടനയുമായി ബന്ധപ്പെട്ട് KSEBL-ന്റെയും സർക്കാരിന്റെയും ബാധ്യതകൾ നിശ്ചയിച്ചിട്ടുള്ളത്. Re-Vesting Scheme-ന്റെ Clause 6(2) ന്റെ proviso പ്രകാരം സ്കീമിന്റെ Schedule-B പ്രകാരമാണ് കൈമാറ്റ നിർണ്ണയിക്കപ്പെട്ടിട്ടുള്ളത്. Re-Vesting പദ്ധതിയുടെ Schedule-B യിലുള്ള നിബന്ധന 8 പ്രകാരം പുനഃസംഘടനയ്ക്ക് മുൻപുണ്ടായിരുന്ന KSEB-യിലെ ജീവനക്കാരുടെ ടെർമിനൽ ആനുകൂല്യങ്ങളുടെ കൈമാറ്റം ചെയ്യപ്പെട്ട തീയതിയിലെ (31/10/2013) unfunded ബാധ്യത തീർക്കുന്നതിനു സർക്കാർ ആവശ്യമായ ക്രമീകരണം നടത്തണമെന്ന് പറഞ്ഞിട്ടുണ്ട്. Kerala Electricity Second Transfer Scheme ഭേദഗതി ചെയ്ത 2015-ലെ ഉത്തരവ് പ്രകാരം ടെർമിനൽ ആനുകൂല്യങ്ങളുമായി ബന്ധപ്പെട്ട് 7584 കോടി രൂപയ്ക്ക് മുകളിൽ വരുന്ന തുകയ്ക്ക് സംസ്ഥാന സർക്കാരും KSEBLഉം 35.4 : 64.6 എന്ന അനുപാതത്തിൽ കണ്ടെത്തണമെന്ന നിബന്ധന ഒഴിവാക്കിയിട്ടുണ്ട്.<br><br>Kerala Electricity Second Transfe Scheme (Re-Vesting 2013) പ്രകാരം KSEB ജീവനക്കാരുടെ ടെർമിനൽ ആനുകൂല്യങ്ങളു പെൻഷനും ഉറപ്പുവരുത്തുന്നതിനായി Maste Trust രൂപീകരിക്കുന്നതിന് തീരുമാനിച്ചിരുന്നു ആക്ച്ചൂറിയൽ വാല്യുവേഷനിൽ 30/09/2011 ന്ന പെൻഷനുമായി ബന്ധപ്പെട്ട unfunded |

liability യുടെ താൽക്കാലിക തുക 758
കോടി രൂപയാണെന്നു കണക്കാക്കിയിരുന്നു
പിന്നീട് ഇത് 12419 കോടി രൂപയായ
പുനർനിർണ്ണയിക്കുകയും താഴെ പറയും പ്രകാര
ഇതു കണ്ടെത്തുന്നതിന് തീരുമാനിക്കുകയു
ചെയ്തു. ഇത് സംബന്ധിച്ച 28/01/2015-ലെ
ഭേദഗതി ഉത്തരവിലെ പ്രസക്തഭാഗം ചുവടെ
ചേർക്കുന്നു.

1. KSEBL will issue two series o bonds to the Master Trust, i.e. 2( year bond with a coupon rate o 10% per annum for Rs. 8144 crore (KSEBL share) and 10 years bond with coupon rate of 9% per annum for Rs. 3751 crore (Governmen Share).
2. Another Rs.524 crore will be funded by the State Government through budgetary provision over a period of 10 years on equal instalments.
3. The State Government will fund Rs.5861 crore over a period of 10 years from the date of transfer to KSEBL on annual basis for meeting the unfunded terminal liability by way of retention of electricity duty.

മേൽ നിർദ്ദേശങ്ങളിൽ സർക്കാർ
നടപ്പിലാക്കേണ്ടവ എല്ലാം നടപ്പിലാക്കിയിട്ടുണ്ട്
സർക്കാരും KSEB ജീവനക്കാരും തമ്മിൽ
ഏർപ്പെട്ടിട്ടുള്ള കരാറിലെ Clause 2 (u)
പ്രകാരം പെൻഷൻ ഫണ്ടിലേക്ക
കെ.എസ്.ഇ.ബി.എൽ. തുക ഒടുക്കുന്നു എന്ന
ഉറപ്പ് വരുത്താനുള്ള ബാധ്യത മാത്രമാണ
സർക്കാരിനുള്ളത്. പുനഃസംഘടനയ്ക്ക
മുൻപുണ്ടായിരുന്ന KSEB-യിലെ
ജീവനക്കാരുടെ ടെർമിനൽ ആനുകൂല്യങ്ങളുടെ
കൈമാറ്റം ചെയ്യപ്പെട്ട തീയതിയിലെ
(31/10/2013) unfunded ബാധ്യത
തീർക്കുന്നതിനു സർക്കാർ ആവശ്യമായ
ക്രമീകരണം നടത്തണമെന്നാണ
പറഞ്ഞിരുന്നത്. ഇത് സർക്കാർ പാലിച്ചിട്ടുണ്ട്
കൈമാറ്റ തീയതിക്ക് ശേഷം Actuaria

| | | | |
|---|---|---|---|
| | | | valuation മൂലമുണ്ടായ വർദ്ധന സർക്കാർ വഹിക്കേണ്ടതില്ല. |
| (സി) | പെൻഷൻ ബാധ്യതയിൽ നിന്നും സർക്കാർ പിന്മാറുമ്പോൾ മാസ്റ്റർ ട്രസ്റ്റിന് പണം കണ്ടെത്താൻ കെ.എസ്.ഇ.ബി. യ്ക്ക് താരിഫ് വർദ്ധനവിനു വേണ്ടി വരുന്നത് ഉപഭോക്താക്കൾക്ക് അധിക ബാധ്യതയാകും എന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ഇപ്രകാരം വൈദ്യുതി നിരക്ക് വർദ്ധനവ് ഉണ്ടാകുന്നത് ഒഴിവാക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | കെ എസ് ഇ ബി യുടെ പെൻഷൻ ബാധ്യത സംബന്ധിച്ച് കരാർ വ്യവസ്ഥ പ്രകാരമുള്ള തുകകൾ സർക്കാർ നൽകി കഴിഞ്ഞിട്ടുള്ളതിനാൽ. ഇക്കാര്യത്തിൽ കെ എസ് ഇ ബി എല്ലാണ് ആവശ്യമായ ക്രമീകരണം നടത്തേണ്ടത്. എന്നിരുന്നാലും എന്നാൽ മാസ്റ്റർ ട്രസ്റ്റിന്റെ പ്രവർത്തനം സംബന്ധിച്ച് Standard Operating Procedure തയ്യാറാക്കി നടപ്പിൽ വരുത്തുവാൻ സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ടെന്ന് ബഹു. ഹൈക്കോടതിയുടെ 07.08.2023 ലെ W.P (C)25360/2023 എന്ന വിധിന്യായം നടപ്പിലാക്കി കൊണ്ടുള്ള 06.09.2024 ലെ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് **അനുബന്ധം ആയി** ചേർക്കുന്നു.<br><br>കൂടാതെ സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ 25.06.2022-ൽ പുറപ്പെടുവിച്ചിട്ടുള്ള Multiyear Tariff ഉത്തരവ് പ്രകാരമുള്ള റവന്യൂ കമ്മി നികത്തുന്നതിന് വേണ്ടിയാണ് താരിഫ് പരിഷ്കരണ ഉത്തരവുകൾ പുറപ്പെടുവിക്കുന്നത്. റവന്യൂ കമ്മി നിർണ്ണയിക്കുന്നതിന് അംഗീകരിച്ച വൈദ്യുതി ഉൽപാദന–വാങ്ങൽ ചെലവുകൾ, പ്രവർത്തന പരിപാലന ചെലവുകൾ (O&M Expenses) പലിശ ചെലവുകൾ (Interest and Finance Charge) മാസ്റ്റർ ട്രസ്റ്റിലേക്കുള്ള വിഹിതം, തേയ്മാന ചെലവ് (Depreciation), പെൻഷൻ ബോണ്ടിലേക്കുള്ള തിരിച്ചടവ് എന്നിവ ഉൾപ്പെടുന്നു., പെൻഷൻ ബാദ്ധ്യതയിലേക്ക് പണം കണ്ടെത്തുന്നതിന് മാത്രമായി വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം കെ.എസ്.ഇ.ബി.എൽ. വൈദ്യുതി റെഗുലേറ്ററി കമ്മീഷന് മുമ്പാകെ വച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ